**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **12-06-2024 - ൽ മറുപടിയ്ക്ക്**

**ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചൊവ്വര ശുദ്ധീകരണ ശാലയിലും പറവൂർ പമ്പ് ഹൗസിലും വൈദ്യുതി മുടക്കവും മറ്റ് സാങ്കേതിക പ്രശ്നങ്ങളും ഉണ്ടാകുന്നതിനെത്തുടർന്ന് വൈപ്പിൻ കരയിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, നായരമ്പലം, എടവനക്കാട്, ഞാറയ്ക്കൽ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ചൊവ്വര ശുദ്ധീകരണശാലയിൽ വൈദ്യുത തടസ്സം ഉണ്ടായാൽ വൈപ്പിൻകരയിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, നായരമ്പലം, എടവനക്കാട്, ഞാറക്കൽ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന ജലക്ഷാമത്തെ കുറിച്ചും പരമാവധി വൈദ്യുത തടസ്സം ഒഴിവാക്കാനുമായി KSEB ക്ക് 12/02/2024 ൽ വാട്ടർ അതോറിറ്റി കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ചൊവ്വര WTP യിലേക്ക് 2007 ൽ 2.54 കോടി നൽകി KWA HUDCO പദ്ധതിയിൽ സ്ഥാപിച്ച Dedicated feeder line ഇപ്പോൾ ചെറിയ അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ പോലും വൈദ്യുതി തടസ്സം ഉണ്ടാവുകയും ആയത് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും 17/11/2022 തീയതിയിൽ KSEBയ്ക്ക് കത്ത് നൽകിയിരുന്നു.<br><br>11/04/2023-ൽ കളക്ടറുടെ ചേമ്പറിൽ വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ശ്രീ ഉണ്ണികൃഷ്ണന്റെ സാന്നിധ്യത്തിൽ വൈപ്പിൻ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൂടിയ യോഗത്തിൽ പുതിയ dedicated feeder line സ്ഥാപിക്കുവാൻ തീരുമാനമെടുക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് 12/04/2023 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി ആലുവയ്ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. KSEB 3,77,00,000/- രൂപയുടെ അടങ്കൽ തയ്യാറാക്കി നൽകുകയും ചെയ്തു. പ്രവൃത്തി നടപ്പിലാക്കുന്നതിന് വേണ്ടി JJM ൽ ഭരണാനുമതിയിൽ 132.811 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. ബാക്കി 244.189 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചുകൊണ്ട് 24/04/2024 തീയതിയിൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 29/05/2023-ൽ ചേർന്ന DWSM ഈ പ്രവർത്തിക്ക് വേണ്ട ഭരണാനുമതി തുക |

| | | | |
|---|---|---|---|
| | | | പുനർവിന്യസിക്കുവാൻ SWSM ന്റെ അനുമതിക്കായി സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് ഭരണാനുമതി ലഭ്യമാക്കുവാൻ 380 ലക്ഷം രൂപയുടെ പ്രൊപോസൽ Stateplan 2024-25-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പറവൂർ പമ്പ് ഹൗസിൽ കെഎസ്ഇബിയുടെ dedicated Feeder line സ്ഥാപിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും അടിയന്തിര അറ്റകുറ്റ പണികൾക്കായി സപ്ലൈ വിതരണം തടസ്സപ്പെടുമ്പോൾ മറ്റ് Feeder line - കളുമായി കണക്ട് ചെയ്ത് പവർ സപ്ലൈ പുനസ്ഥാപിച്ചു തരുന്നുണ്ട്. ആയതിനാൽ പറവൂർ പമ്പ് ഹൗസിൽ വൈദ്യുതി തടസ്സപ്പെടാറില്ല |
| (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 482.50 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ച ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ പെടുത്തി 482.5 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ച ചൊവ്വര ജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. |
| (സി) | ചൊവ്വര ജലശുദ്ധീകരണ ശാലയിലേയ്ക്ക് മാത്രമായി ഇലക്ട്രിക് ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടേയും കേടായ ബെഡ്ഡുകൾ നവീകരിക്കുന്നതിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ചൊവ്വര ജലശുദ്ധീകരണ ശാലയിലേക്ക് മാത്രമായി ഇലക്ട്രിക്കൽ ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെഎസ്ഇബിയിൽ നിന്നും വാങ്ങി ഭരണാനുമതിക്കായി State plan 2024-25-ൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേടായ ഫിൽറ്റർ ബെഡ് നമ്പർ 6 & 7 ന്റെ നവീകരണ പ്രവൃത്തികൾ 30/12/2023-ൽ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| JJM-63 MLD PLANT AT CHOWARA | | | | |
|---|---|---|---|---|
| **Sl. No** | **NAME OF WORK** | **DWSM Sanctioned Estimate amount** | **Status** | **PACKAGES** |
| 1 | JJM- CHENDAMANGALAM AND EDAVANAKKADU PT- Improvements of water treatment plant- Improving the capacity of 63MLD WTP at Chowara by replacing existing Rapid sand filter media with Dual media filter using Anthracite after rectifying damages in filter bed no.6 &7 and allied works (Chendamangalam127+ Edavanakkadu 57lakhs)=184Lakhs | 127 | work Completed | work completed on 30.12.2023 |
| 2 | JJM-VADAKKEKKARA PT- Improvements of water treatment plant- Supply and erection of 600 HP, VT pump set , Electrical renovation work of 11 KV Sub Station and allied works(133 Lakhs) | 133 | Motor & Pumpset work 90% completed, allied work completed | JJM-VADAKKEKARA PT in Ernakulam District -Part I- Improvements of water treatment Plant-Supply and erection of 600 HP VT motor pump set in PWPH having discharge 2736 m3/Hour against a toal head of 42 m in 63 MLD plant at Chowara -Work 90% completed .Expected date of completion 20.06.2023 |
| | | | | JJM-VADAKKEKARA PT in Ernakulam District- PART II-Improvement of Water Treatment Plant-Electrical Renovation work of 11 KV Substation in 63 MLD plant at Chowara -Work completed on 16.11.2022 |
| | | | | Jal Jeevan Mission (JJM)-VADAKKEKARA PT in Ernakulam District- PART III-Improvement of Water Treatment Plant--Supply and fitting 215kvar capacitor, 110V/230V additional control Transformer,and MCB 2 pole 5A in 63 mld plant at Chowara-Work completed on 28.02.2023 |
| | | | | Jal Jeevan Mission (JJM)-Jal Jeevan Mission (JJM)-VADAKKEKARA PT in Ernakulam District- (PART IV) Improvement of Water Treatment Plant--Up gradation of substation protection system , Backup UPS in 63 mld plant at Chowara- work |

| | | | | |
|---|---|---|---|---|
| | | | | completed on 18.10.2023 |
| 3 | JJM-NAYARAMBALAM PT- Improvememts of water treatment plant- Rennovation of 430KW FCMA soft starter of 600 HP No.1&3 motors and 2000 KVA transformer in 63 mld plant at Chowara and allied works(11.50 L) | 11.5 | work completed | JJM-NAYARAMBALAM PT-( PART I)- Improvements of water treatment plant- Renovation of 2000 KVA transformer in 63mld plant at Chowara-Work completed on 10.05.2022 |
| | | | | JJM-NAYARAMBALAM PT (PART II)- Improvements of water treatment plant- Renovation of 430KW FCMA soft starter of 600 HP No.1&3 motors and allied works at 63 MLD Plant-Work completed on 12.07.2022 |
| 4 | JJM-EZHIKKARA PT- Improvememts of water treatment plant -Construction of store room,repair/rennovation of existing 600 HP Motor/pumpset includinding painting works of 63 mld plant at Chowara and allied works (71 Lakhs) | 71 | completed | JJM EZHIKKARA PT- Part-1- Improvements of Water Treatment Plant-Renovation of existing 600 HP Spare motor/Pump set-Urgent testing,rewinding of the motor, assembling, erecting ,providing electric connection and commissioning of 6.6 KV, 600 HP, HT VT Motor in 63 mld WTP at Chowara- Work completed on 21.04.2022 |
| | | | | JJM -EZHIKKARA PT-PART II- Improvements of water treatment plant-Construction of Store room at 63mld plant,Chowara. - Work completed on 12.01.2023 |
| | | | | JJM - EZHIKKARA PT in Ernakulam DIstrict - (Part III)- Improvements of WaterTreatment Plant - Supply of new Transformer oil.Work completed on 08.05.2022 |
| | | | Canceled | JJM EZHIKKARA PT in Ernakulam District-(PART IV)- Improvement of Water Treatment PlantRennovation/Rehablitation of Clarifiers of 63 MLD plant at Chowara. - Estimate returned due to civil work |
| 5 | JJM- EDAVANAKKAD PT- Improvements of water treatment plant- Laying KSEB feeder line from KSEB Substation,Aluva to 63mld Plant,KWA,Chowara and allied works-Part 1(57Lakhs) | 57 | Not arranged | KSEB informed that new substation within 500 m of WTP Chowara will be completed by 2024-25 and hence dedicated feeder line from Aluva is not nacessary |

| | | | | |
|---|---|---|---|---|
| 6 | JJM-PALLIPPURAM PT-Improvements of water treatment plant- Laying KSEB feeder line from KSEB Substation,Aluva to 63mld Plant,KWA,Chowara and allied works-Part 2(83 Lakhs) | 83 | Not arranged | |
| | TOTAL | 482.5 | | |